**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5550** **15-03-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മൃഗശാലയിൽ പുതിയ പക്ഷിമൃഗാദികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മൃഗശാലയിൽ ജിറാഫ്, സീബ്ര, വെള്ള സിംഹം, ഗറില്ല എന്നീ മൃഗങ്ങൾ പ്രദർശനത്തിനുണ്ടോ; ഇല്ലെങ്കിൽ അവയെ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം മൃഗശാലയിൽ ജിറാഫ്, സീബ്ര, വെള്ളസിംഹം, ഗറില്ല എന്നീ മൃഗങ്ങൾ പ്രദർശനത്തിനില്ല. കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാനിലെ കളക്ഷൻ പ്ലാൻ പ്രകാരമുള്ള മൃഗങ്ങളെ മാത്രമേ കൊണ്ട് വരാൻ സാധിക്കുകയുള്ളൂ. പ്രസ്തുത കളക്ഷൻ പ്ലാനിൽ ഗറില്ല ഉൾപ്പെടുന്നില്ല. സീബ്ര, സിംഹം എന്നീ മൃഗങ്ങളെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | മൃഗശാലയിൽ നിലവിൽ ഇല്ലാത്ത മൃഗങ്ങളെയും പക്ഷികളെയും എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഇൻഡോറിലെ കമല നെഹ്റു സുവോളജിക്കൽ പാർക്കിലേയ്ക്ക് റിയ പക്ഷികൾ 1:1, കാട്ടുപോത്ത് 1:1 എന്നിവയെ നൽകി സിംഹം 1:1, കോമൺ ലംഗൂർ 1:1 എന്നീ മൃഗങ്ങളെ മൃഗശാലയിൽ കൊണ്ട്വരുന്നതിന് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ മൃഗങ്ങളെ എത്തിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാവുന്നതാണ്.<br><br>തിരുപ്പതി ശ്രീ വെങ്കിടേശ്വര സുവോളജിക്കൽ പാർക്കിൽ നിന്നും സിംഹം ഹൈബ്രീഡ് 1:1, കോമൺ ലംഗൂർ 1:1, വെള്ളമയിൽ 1:1, ഗ്രേ ജംഗിൾ ഫൗൾ 2:2, എമു 1:1 എന്നീ മൃഗങ്ങളെ കൊണ്ട് വരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ